(സി) കശുവണ്ടി വികസന കോർപ്പറേഷൻ 1999 ഡിസംബർ മാസത്തിലെ കരാറനുസരിച്ച് ടാൻസാനയായിൽ നിന്നും CDJKL ക്വാളിറ്റി 12000 മെ. ടണ്ണും മൊസാംബിയിൽനിന്നും 3300 മെ. ടണ്ണും കാപ്പെക്സ് CDJKL ക്വാളിറ്റി 1110 ടൺ തോട്ടണ്ടി ജാനുവരി ഫെബ്രുവരി 2000-ൽ ഇറക്കുമതി ചെയ്തിട്ടുണ്ട്. കോർപ്പറേഷൻ ഇറക്കുമതിയായി ഷിപ്പ് ചെയ്ത തോട്ടണ്ടിയിൽ ഇതുവരെ 10000 ടൺ തോട്ടണ്ടി ഡലിവറി എടുത്തു കഴിഞ്ഞു.

(ഡി) കശുവണ്ടി വികസന കോർപ്പറേഷൻ ടാൻസാനിയയിൽ നിന്ന് ഇറക്കുമതി ചെയ്ത 12000 മെ. ടൺ തോട്ടണ്ടി ടണ്ണിന് 1297.7 യു.എസ്. ഡോളറിനും, മൊസാംബിയിൽ നിന്നുള്ള 3300 ടൺ തോട്ടണ്ടി ടണ്ണിന് 1190 യു.എസ്. ഡോളറും വില കപ്പൽ കൂലി അടക്കം ഔട്ടേൺ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിലാണ് വാങ്ങുന്നത്. ഫാക്ടറി സൈറ്റിൽ എത്തുമ്പോൾ നിശ്ചിത ഔട്ടേണും ക്വാളിറ്റിയും ഉണ്ടെങ്കിൽ ടാൻസാനിയൻ തോട്ടണ്ടിക്ക് ട്രാൻസ് പോർട്ട് ചാർജ്ജുൾപ്പെടെ കിന്റലിന് 5739 രൂപയും മൊസാംബിക് തോട്ടണ്ടിക്ക് 5246 രൂപയും വിലവരും ഡലിവറി എടുത്തതിന്റെ അടിസ്ഥാനത്തിൽ മൊസാംബിക് ഒറിജിൻ തോട്ടണ്ടിക്ക് ടണ്ണിന് 1141 ഡോളർ മാത്രമേ വിലയായുള്ളൂ. ടി തോട്ടണ്ടി ഫാക്ടറിയിൽ എത്തിയപ്പോൾ കിന്റലിന് 5033 രൂപ വിലയായി. കാപ്പെക്സ് അവസാനം ഇറക്കുമതി ചെയ്ത സി.ഡി.ജെ.കെ.എൻ. ടണ്ണിന് 1308 യു.എസ്. ഡോളർ പ്രകാരമാണ് വാങ്ങിയത്. ഫാക്ടറികൾ എത്തുമ്പോൾ അവയ്ക്ക് കിന്റലിന് 5780 രൂപ വിലവരും.

**30 (*150) ത്രിതല പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പ്**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലേയ്ക്ക് നടത്തേണ്ട തെരഞ്ഞെടുപ്പിന് വേണ്ടി തയ്യാറാക്കിയ നിലവിലുള്ള വോട്ടേഴ്സ് ലിസ്റ്റ് എന്ന് നടത്തിയ എന്യൂമറേഷന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മരിച്ചവരുടേയും സ്ഥലത്തില്ലാത്തവരുടെയും പേരുകൾ വോട്ടേഴ്സ് ലിസ്റ്റിൽ കടന്നുകൂട്ടിയിട്ടുണ്ടോ;

(സി) എന്യൂമറേഷൻ നടത്തി പുതിയ വോട്ടേഴ്സ് ലിസ്റ്റ് ഉണ്ടാക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ)&(ബി) ത്രിതല പഞ്ചായത്തുകളിലേയ്ക്ക് നടത്തേണ്ട തെരഞ്ഞെടുപ്പിനായി എന്യൂമറേഷന്റെ അടിസ്ഥാനത്തിൽ ഇതേവരെ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കുന്ന വോട്ടർ പട്ടിക സ്വീകരിച്ചുകൊണ്ട് ഭേദഗതികൾ വരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് വേണ്ടി ഉപയോഗിച്ചുവരികയാണ് ഇതേവരെ ചെയ്തു വന്നിരുന്നത്. അങ്ങനെ ഭേദഗതി വരുത്തുമ്പോൾ മരിച്ചവരേയും നാട് വിട്ടവരേയും ഒഴിവാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) ചില രാഷ്ട്രീയപാർട്ടികൾ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്നും ഇത് ഇലക്ഷൻ കമ്മീഷന്റെ പരിഗണനയിലാണെന്നും ഗ്രാമപഞ്ചായത്തുകളുടെ നിയോജകമണ്ഡല വിഭജന നടപടികൾ പൂർത്തിയാക്കുന്നതിനു മുമ്പ് ഇതു സംബന്ധിച്ച അവസാന തീരുമാനം എടുക്കുന്നതാണെന്നും ഇലക്ഷൻ കമ്മിഷൻ അറിയിച്ചിട്ടുണ്ട്.

## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### 1 (574) ഉദാരവൽക്കരണ സ്വകാര്യവൽക്കരണ നയം

ശ്രീ. പി. രാഘവൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം. ദാസൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഉദാരവൽക്കരണ നയം സംസ്ഥാനത്തെ വ്യവസായമേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം സംസ്ഥാനത്തെ ഏതെല്ലാം വ്യവസായങ്ങളാണ് പ്രതിസന്ധിയെ നേരിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ നയത്തോട് സംസ്ഥാന സർക്കാരിന്റെ സമീപനം വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ ഉദാരവൽക്കരണ സ്വകാര്യവൽക്കരണ നയം നടപ്പാക്കിയതിന്റെ ഫലമായി സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളുടെ ഓഹരികളാണ് സ്വകാര്യമേഖലയ്ക്ക് കൈമാറിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഏതെല്ലാം സ്ഥാപനങ്ങളുടെ ഓഹരികളാണ് സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇലക്ട്രോണിക്സ് ഉപഭോക്തൃ വസ്തുക്കൾ, ഫാർമസ്യൂട്ടിക്കൽസ്, കെമിക്കൽസ്, ഭക്ഷ്യസംസ്ക്കരണം എന്നീ വ്യവസായങ്ങളാണ് പ്രതിസന്ധി നേരിടുന്നത്. പരമ്പരാഗത വ്യവസായത്തിൽ കയറും, കൈത്തറിയും ഇതിൽപ്പെടും.

(സി) തദ്ദേശ വ്യവസായങ്ങളെ തകർക്കുന്ന ഉദാരവൽക്കരണത്തിന് സർക്കാർ എതിരാണ്.

(ഡി) മോഡേൺ ഫുഡ് ഇൻഡസ്ട്രീസ് (കൊച്ചി) ന്റെ ഓഹരികൾ ഹിന്ദുസ്ഥാൻ ലിവർ ഏറ്റെടുത്തിട്ടുണ്ട്.

(ഇ) ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ ഓഹരികൾ സ്വകാര്യമേഖലയ്ക്കു കൈമാറുന്നതിനേക്കുറിച്ച് ആലോചനയുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തീരുമാനമൊന്നും ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly